പത്രക്കുറിപ്പ്

# വീടിനുള്ളിൽ കയറി മൊബൈൽ മോഷണം: ഒരാൾ പിടിയിൽ

## കോവിഡ്-19

## വിലക്ക് ലംഘനം: 46 പേർക്കെതിരെ നിയമനടപടി 12,500/- രൂപ പിഴ ഈടാക്കി

തിരുവനന്തപുരം:- വിഴിഞ്ഞത്ത് വീടിനുള്ളിൽ കയറി മൊബൈൽ ഫോൺ മോഷ്ടിച്ചെടുത്ത കേസിൽ ഒരാളെ പോലീസ് പിടികൂടിയതായി ഐ.ജി.പി-യും തിരുവനന്തപുരം സിറ്റി പോലീസ് കമ്മീഷണറുമായ ബൽറാംകുമാർ ഉപാദ്ധ്യായ അറിയിച്ചു. വിഴിഞ്ഞം കോട്ടപ്പുറം ഡീസന്റ് മുക്ക് ഗ്രേസി ഭവനിൽ ഡാനി(25)-യെയാണ് വിഴിഞ്ഞം പോലീസ് അറസ്റ്റ് ചെയ്തത്. കഴിഞ്ഞ 28- നാണ് മോഷണം നടന്നത്. വിഴിഞ്ഞം പള്ളിത്തുറ പുരയിടത്തിൽ രാജന്റെ വീട്ടിൽ രാത്രി വാതിൽ കുത്തിത്തുറന്ന അകത്തുകയറിയ പ്രതി വിലപിടിപ്പുള്ള മൊബൈൽ ഫോൺ മോഷ്ടിച്ചെടുക്കുകയായിരുന്നു. സമീപ പ്രദേശങ്ങളിലെ സി സി ടി വി ദൃശ്യങ്ങൾ പരിശോധിച്ച് പോലീസ് നടത്തിയ അന്വേഷണത്തിലാണ് ഇയാൾ പിടിയിലയത്. മോഷണം ചെയ്തെടുത്ത മൊബൈൽ ഫോൺ



വിഴിഞ്ഞം പോലീസ് അറസ്റ്റ് ചെയ്ത
ഡാനി(25)

ഇയാളിൽ നിന്നും കണ്ടെടുത്തിട്ടുണ്ട്. ഇയാൾക്കെതിരെ വിവിധ സ്റ്റേഷനുകളിൽ മോഷണ കേസുകൾ നിലവിലുണ്ട്. വിഴിഞ്ഞം എസ്.എച്ച്.ഓ രമേശ്, എസ്.ഐ മാരായ രാജേഷ്കുമാർ, വിഷ്ണുസജീവ്, സി.പി.ഓ മാരായ അജികുമാർ, കൃഷ്ണകുമാർ എന്നിവരടങ്ങിയ പോലീസ് സംഘമാണ് അന്വേഷണത്തിനും അറസ്റ്റിനും നേതൃത്വം നൽകിയത്. കോടതിയിൽ ഹാജരാക്കിയ പ്രതിയെ റിമാൻഡ് ചെയ്തു.

## കോവിഡ് സുരക്ഷാ കേസ് വിവരം

തിരുവനന്തപുരം നഗരത്തിൽ പോലീസ് ഇന്നലെ (02-03-2021) നടത്തിയ പരിശോധനയിൽ കോവിഡ് സുരക്ഷാ വിലക്ക് ലംഘനം നടത്തിയ 46 പേർക്കെതിരെ നിയമനടപടി സ്വീകരിച്ചു. രോഗവ്യാപനം ഉണ്ടാക്കുന്ന തരത്തിൽ വിലക്ക് ലംഘനം നടത്തിയ 18 പേർക്കെതിരെ എപ്പിഡെമിക് ഡിസീസസ് ഓർഡിനൻസ്-2020 പ്രകാരമാണ് കേസെടുത്തത്. മാസ്ക് ധരിക്കാത്തതിന് 25 പേരിൽ നിന്നും 12,500/- രൂപ പിഴ ഈടാക്കി. കൂടാതെ മാർഗ്ഗ നിർദ്ദേശങ്ങൾ പാലിക്കാതെ സർവ്വീസ് നടത്തിയ 3 വാഹനങ്ങൾക്കെതിരെയും ഇന്നലെ നിയമനടപടി സ്വീകരിച്ചു.

# അറിയിപ്പ്

ഈ ഫോട്ടോയിൽ കാണുന്ന 61 വയസ്സ് പ്രായമുള്ള ജോർജ്ജിനാൽ എന്ന പേരുള്ള സ്ത്രീ പേരൂർക്കട മാനസിക രോഗ ആശുപത്രിയിൽ ചികിത്സയിൽ കഴിഞ്ഞ് വരവെ 20-02-2021-ാം തീയതി അസുഖ ബാധിതയായതിനെ തുടർന്ന് തിരുവനന്തപുരം മെഡിക്കൽ കോളേജ്



ആശുപത്രിയിലെത്തിച്ച് ചികിത്സയിൽ തുടരവെ 24 .02.2021 -ാം തീയതി രാവിലെ 05.30 ന് മരണപ്പെട്ട് പോയിട്ടുള്ളതാണ്. മൃതശരീരം തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രി മോർച്ചറിയിൽ സൂക്ഷിച്ച് വരുന്നതുമാകുന്നു. ഇവരെ കുറിച്ച് എന്തെങ്കിലും വിവരം അറിയാവുന്നവർ താഴെപ്പറയുന്ന നമ്പരിൽ ബന്ധപ്പെടാൻ താൽപ്പര്യപ്പെടുന്നു.

പേരൂർക്കട പോലീസ് സ്റ്റേഷൻ- 0471 2433243, 9645823151

തിരുവനന്തപുരം സിറ്റി
02-03-2021

ഐ ജി പി & കമ്മീഷണർക്ക് വേണ്ടി

പബ്ലിക് റിലേഷൻസ് ഓഫീസർ
തിരുവനന്തപുരം സിറ്റി